بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 15.01.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഖുലഫാഉർ റാശിദീൻ :
## ഹദ്റത്ത് അലി(റ) (ഭാഗം-7)

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَ اَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۲﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۳﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۴﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۵﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയ തിന് ശേഷം ഹുസൂർ (അയ്യദഹുല്ലാഹ്) പറഞ്ഞു:

ഹദ്റത്ത് അലി(റ)നെക്കുറിച്ചാണ് പറഞ്ഞു വന്നിരുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് വിവരിക്കുന്നു : ഹദ്റത്ത് ഹസ്സൻ, ഹദ്റത്ത് അലിയോട് ചോദിച്ചു: താങ്കൾക്ക് എന്നോട് സ്നേഹമുണ്ടോ? ഹദ്റത്ത് അലി പറഞ്ഞു: ഉണ്ട്. ഹദ്റത്ത് ഹസ്സൻ പിന്നെ ചോദിച്ചു: അല്ലാഹുവിനോടും താങ്കൾക്ക് സ്നേഹമുണ്ടോ? ഹദ്റത്ത് അലി പറഞ്ഞു: ഉണ്ട്. ഹദ്റത്ത് ഹസൻ പറഞ്ഞു: അങ്ങനെയാണെങ്കിൽ താങ്കൾ ഒരുതരത്തിൽ ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ്. ശിർക്ക് എന്നുപറഞ്ഞാൽ അല്ലാഹുവിനോടൊപ്പം അവനോടുള്ള സ്നേഹത്തിൽ മറ്റാരെയെങ്കിലും പങ്കാളിയാക്കുക എന്നാണ്. ഹദ്റത്ത് അലി പറഞ്ഞു: ഹസൻ! ഞാൻ ശിർക്കിൽ അകപ്പെട്ടിട്ടില്ല. ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടെന്നത് നേര് തന്നെ. എന്നാൽ നിന്നോടുള്ള സ്നേഹം അല്ലാഹുവിന്റെ സ്നേഹവുമായി ഏറ്റുമുട്ടുമ്പോൾ ഞാൻ ഉടനെ നിന്റെ സ്നേഹത്തെ കൈവെടിയുന്നതാണ്.

മുസ്ലിഹ് മൗഊദ് പറയുന്നു: ഹദ്റത്ത് അലിക്ക് എപ്പോഴെങ്കിലും വല്ല പ്രയാസവും നേരിടുമ്പോൾ അല്ലാഹുവിനോട് അദ്ദേഹം ഇപ്രകാരം പ്രാർഥിക്കുമായിരുന്നു, *യാകാഫ് ഹാ യാ ഐൻ* സ്വാദ് ആയവനെ എനിക്ക് പൊറുത്തു തന്നാലും. തിരുനബി(സ) പറഞ്ഞു: അല്ലാഹുവിന്റെ കാഫിൻ എന്ന ഗുണത്തിന്റെ ചുരുക്കെഴുത്താണ് കാഫ്. ഹാഅ്, ഹാദി എന്നതിന്റെ ചുരുക്കെഴുത്തും അയിൻ, ആലിം എന്നതിന്റെ ചുരുക്കെഴുത്തും സ്വാദ്, സ്വാദിഖ് എന്ന ഗുണത്തിന്റെ ചുരുക്കെഴുത്തുമാണ്. അല്ലാഹു വിനോട് ഇപ്രകാരമായിരുന്നു പ്രാർഥിച്ചിരുന്നത്. അല്ലാഹു വേ! നീ മതിയായവനാണ്. നീ വഴികാട്ടിയാണ്. നീ നല്ലതു പോലെ അറിയുന്നവനാണ്. നീ സത്യവാനുമാണ്. ഈ ഗുണനാമങ്ങളെ മുൻനിർത്തിക്കൊണ്ട് ഞാൻ അർഥിക്കുന്നു. എനിക്ക് നീ പൊറുത്തു തന്നാലും.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നു : മുഫസ്സിരീങ്ങൾ ഹദ്റത്ത് അലി(റ)ന്റെ ഒരു സംഭവം ഇപ്രകാരം വിവരിക്കുന്നു; ഒരിക്കൽ അദ്ദേഹം തന്റെ ഭൃത്യനെ വിളിച്ചു. പക്ഷേ വിളിക്ക് ഭൃത്യൻ ഉത്തരം നല്കിയില്ല. പല പ്രാവശ്യം വിളിച്ചെങ്കിലും ഉത്തരം നല്കിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ യാദൃച്ഛികമായി അദ്ദേഹത്തിന്റെ മുമ്പിൽ തന്നെ ഭൃത്യൻ എത്തിപ്പെട്ടു. അപ്പോൾ അദ്ദേഹം അവനോട് ചോദിച്ചു; നിനക്ക് എന്താണ് പറ്റിയത്? എത്ര പ്രാവശ്യം നിന്നെ ഞാൻ വിളിച്ചു. എന്നിട്ടും മറുപടിയൊന്നും പറഞ്ഞില്ല.

അവൻ പറഞ്ഞു,അതിന് കാരണം, താങ്കൾ എന്നോട് മയത്തോടെ പെരുമാറും എന്നെനിക്കറിയാം. താങ്കളുടെ ശിക്ഷയിൽ നിന്നും ഞാൻ സുരക്ഷിതമായിരിക്കുമെന്നും എനിക്കറിയാം. അതിനാലാണ് മറുപടി പറയാതിരുന്നത്. ഹദ്റത്ത് അലിക്ക് ഭൃത്യന്റെ ഈ മറുപടി ഇഷ്ടപ്പെടുകയും അവനെ സ്വതന്ത്രനാക്കുകയും ചെയ്തു.

ഹുസൂർ തിരുമനസ്സ് പറയുന്നു; സാധാരണക്കാരായ ആരെങ്കിലുമായിരുന്നെങ്കിൽ എന്റെ വിട്ടുവീഴ്ച നീ ദുരുപയോഗം ചെയ്യുമോ എന്ന് ചോദിച്ച് ആ ഭൃത്യനെ ശിക്ഷിക്കുമായിരുന്നു. എന്നാൽ അദ്ദേഹം ആ ഭൃത്യന് പാരിതോഷികം നല്കുകയാണ് ചെയ്തത്.

ഒരു സ്ഥലത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: റസൂൽ(സ)യെ ഒരു സ്വഹാബി ഭക്ഷണത്തിനായി ക്ഷണിച്ചു. ചില സ്വഹാബാക്കളും അവിടേക്ക് ക്ഷണിക്കപ്പെട്ടിരുന്നു. അതിൽ ഹദ്റത്ത് അലി മറ്റുള്ളവരെ അപേക്ഷിച്ച് പ്രായത്തിൽ ചെറുതായിരുന്നു. അതിനാൽ ചില സ്വഹാബാക്കൾ അദ്ദേഹത്തോട് അല്പം തമാശ കാണിക്കാമെന്ന് കരുതി. അവർ ഈന്തപ്പഴം തിന്നതിന്റെ കുരു ഹദ്റത്ത് അലിയുടെ മുമ്പാകെ കൂട്ടിവെച്ചു. സ്വഹാബത്ത് തമാശ രൂപേണ ഹദ്റത്ത് അലിയോട് പറഞ്ഞു: ഇത്രയും ഈന്തപ്പഴം തിന്നോ? കുരു മുഴുവൻ നിങ്ങളുടെ മുന്നിലാണല്ലോ? ഹദ്റത്ത് അലിയും നല്ല തമാശക്കാരനായിരുന്നു. ദേഷ്യപ്പെടുന്ന ആളായിരുന്നില്ല. സ്വഹാബത്തിനോട് ദേഷ്യപ്പെട്ട് എന്റെ പേരിൽ ആരോപണം ഉന്നയിക്കുകയാണോ? അതൊന്നും ചോദിച്ചില്ല. ഇതു തന്നോട് തമാശ കാണിക്കുകയാണെന്ന് ഹദ്റത്ത് അലിക്ക് മനസ്സിലായി. ഞാനും ഇതിന് തമാശരൂപത്തിൽ മറുപടി നൽകുകയാണ് വേണ്ടത്. അദ്ദേഹം പറഞ്ഞു: അല്ല നിങ്ങൾ എല്ലാം കുരു അടക്കമാണോ കഴിച്ചത്? ഞാൻ കുരു എല്ലാം ഇവിടെ വെച്ചിട്ടുണ്ട്. സ്വഹാബാക്കളുടെ മേൽ തമാശ തിരിച്ചടിച്ചു.

വിശുദ്ധ ഖുർആന്റെ കല്പനയാണ്, തിരുനബി(സ)യോട് വല്ല മശ്വറ യും അതായത് അഭിപ്രായവും തേടുമ്പോൾ ആദ്യം സദഖ നല്കണമെന്നത്. ഈ കല്പന ഇറങ്ങിയപ്പോൾ ഹദ്റത്ത് അലി തിരുനബിയുടെ സവിധത്തിൽ ഹാജരാകുകയും അല്പം തുക സദഖയായി നല്കിയതിന് ശേഷം പറഞ്ഞു: ചില കാര്യങ്ങളെ കുറിച്ച് മശ്വറ ചെയ്യാനാണ് ഞാൻ വന്നത്. തിരുനബി(സ) മാറിനിന്ന് ഹദ്റത്ത് അലിയോട് കാര്യങ്ങൾ സംസാരിച്ചു. ഒരു സ്വഹാബി ഹദ്റത്ത് അലി

യോട് ചോദിച്ചു: താങ്കൾ എന്ത് കാര്യത്തെക്കുറിച്ചായിരുന്നു, മശ്വറ ചെയ്തത്? ഹദ്റത്ത് അലി മറുപടി പറഞ്ഞു: പ്രത്യേകമായ ഒരു കാര്യം ഒന്നുമായിരുന്നില്ല. വിശുദ്ധ ഖുർആന്റെ ഈ കല്പന അനുസരിക്കാൻ ആഗ്രഹിച്ചുവെന്ന് മാത്രം.

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മെ സലമ വിവരിക്കുന്നു: ഞാൻ റസൂൽ(സ) ഇപ്രകാരം പറയുന്നതായി കേട്ടു എന്ന് സാക്ഷ്യം പറയുകയാണ്: അലിയെ സ്നേഹിക്കുന്നവൻ എന്നെ സ്നേഹിച്ചു. എന്നെ സ്നേഹിക്കുന്നവൻ അല്ലാഹുവിനെ സ്നേഹിച്ചു. അലിയോട് ശത്രുത വയ്ക്കുന്നവൻ എന്നോട് ശത്രുത കാട്ടി. എന്നോട് ശത്രുത വച്ചു പുലർത്തുന്നവൻ അല്ലാഹുവിനോട് ശത്രുത വച്ചു.

ഹദ്റത്ത് അലി പറഞ്ഞു: വിത്തുകളെ പിളർക്കുകയും ആത്മാവിനെ സൃഷ്ടിക്കുകയും ചെയ്ത അസ്തിത്വത്തെ കൊണ്ട് സത്യം! ഉമ്മിയായ പ്രവാചകൻ എന്നോട് ഇപ്രകാരം പ്രസ്താവിച്ചിരുന്നു; എന്നോട് മുഅ്മിനീങ്ങൾ മാത്രമേ സ്നേഹം വച്ചു പുലർത്തുകയുള്ളൂ. കപടവിശ്വാസികൾ മാത്രം എന്നോട് വെറുപ്പ് വച്ച് പുലർത്തും. ഹദ്റത്ത് അലി വിവരിക്കുന്നു: റസൂൽ(സ) എന്നെ വിളിച്ചു, എന്നിട്ട് പറഞ്ഞു: നിന്റെ ഉദാഹരണം ഹദ്റത്ത് ഈസയെ പോലെയാണ്. യഹൂദികൾ അദ്ദേഹത്തോട് കഠിനമായ വിദ്വേഷം വച്ചു പുലർത്തുകയും അദ്ദേഹത്തിന്റെ മാതാവിനെതിരിൽ ആരോപണം ഉന്നയിക്കുകയും ചെയ്തു. എന്നാൽ ക്രിസ്ത്യാനികൾ ഈസാ(അ)നോടുള്ള സ്നേഹ ത്തിൽ അതിരുകടന്ന് അദ്ദേഹത്തിന് ഇല്ലാത്ത സ്ഥാനം നല്കുകയും ചെയ്തു. ഹദ്റത്ത് അലി പറഞ്ഞു: കേട്ടു കൊള്ളുക! എന്റെ കാര്യത്തിൽ രണ്ടു തരം ആളുകൾ നാശമടയുന്നതാണ്. ഒന്ന് സ്നേഹത്തിൽ അതിരുകടന്ന് എനിക്കില്ലാത്ത സ്ഥാനം നൽകുന്നവരാണ്. രണ്ടാമത്തെ കൂട്ടർ എന്നോട് വിദ്വേഷം വച്ചു പുലർത്തുകയും എന്നോടുള്ള ശത്രുത കാരണം എന്നിൽ ആരോപണം ഉന്നയിക്കുകയും ചെയ്യുന്നവർ. ഹദ്റത്ത് അലിയുടെ പക്കൽ യുദ്ധം ചെയ്യാതെ ശത്രുക്കളിൽ നിന്നും ലഭിക്കുന്ന ധനം വരുമ്പോൾ അതെല്ലാം മുഴുവനായും വിതരണം ചെയ്യുമായിരുന്നു. ഇങ്ങനെ പറയുമായിരുന്നു; ലോകമേ നീ പോയി എന്നെ വിട്ടു മറ്റാരെയെങ്കിലും വഞ്ചിച്ചു കൊള്ളുക! ശത്രുക്കളുടെ സമ്പത്തിൽ നിന്ന് ഒന്നും തനിക്കായി മാറ്റി വയ്ക്കാറുണ്ടായിരുന്നില്ല. തന്റെ അടുത്ത സുഹൃത്തുക്കൾക്കോ ബന്ധുക്കൾക്കോ അതിൽനിന്ന് നല്കാറില്ലായിരുന്നു. അദ്ദേഹം ഗവർണർ സ്ഥാനവും പദവികളും വിശ്വസ്തരായ ആളുകളെ മാത്രമേ ഏല്പിക്കാറുണ്ടായിരുന്നുള്ളൂ.

നിവേദകൻ വിവരിക്കുന്നു, ഹദ്റത്ത് അലി, ഒരു ചാട്ടവാറും പിടിച്ചു അങ്ങാടിയിലൂടെ നടന്നു കൊണ്ട് ജനങ്ങളെ അല്ലാഹുവിന്റെ തഖ്‌വ സ്വീകരിക്കുന്നതിനും സത്യമായ കാര്യങ്ങൾ പറയുന്നതിനും കച്ചവടം നല്ല രീതിയിൽ നടത്തുന്നതിനും അളവും തൂക്കവും എല്ലാം ശരിയായ രീതിയിൽ നിർവഹിക്കുന്നതിനും ഉപദേശിച്ചു കൊണ്ടിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു സ്വപ്നം വിവരിക്കുകയുണ്ടായി. ഞാൻ അലി (കർറമല്ലാഹു വജ് ഹഹു) ആയി മാറിയതായി കണ്ടു. ആ സമയത്ത് ഖവാരിജുകളുടെ ഒരു സംഘം എനിക്കെതിരിൽ എന്റെ ഖിലാഫത്തിനെ എതിർത്തുകൊണ്ട് രംഗത്ത് വന്നിരിക്കുന്നു. അപ്പോൾ ഞാൻ കാണുന്നത്, എന്റെ അടുത്ത റസൂൽ(സ) നിൽക്കുന്നു. വളരെ കാരുണ്യത്തോടും സ്നേഹവാത്സല്യത്തോടും എന്നോട് പറയുകയാണ്, യാ അലി! ദഅ്ഹും വഅൻസാറഹും വസിറാഅത്തഹും അതായത് അല്ലയോ അലി! ഇവരോടും ഇവരുടെ ശിങ്കിടികളോടും ഇവരുടെ കൃഷിയിടങ്ങളോടും അകൽച്ച പാലിക്കുക. അവരെ വിട്ടു കളഞ്ഞേക്ക്. അവരിൽ നിന്നും മുഖം തിരിക്കുക.

ഒരിക്കൽ അമീർ മുആവിയ, ളിറാർ സോദായിയോട് പറഞ്ഞു: എനിക്ക് ഹദ്റത്ത് അലിയുടെ മേന്മകൾ പറഞ്ഞു തരൂ! അദ്ദേഹം പറഞ്ഞു: അമീറുൽ മുഅ്മിനീൻ! എന്നോട് അക്കാര്യത്തിൽ മാപ്പാക്കിയാലും. അമീർ മുആവിയ പറഞ്ഞു: നീ പറഞ്ഞേ പറ്റൂ. ളിറാർ പറഞ്ഞു: അങ്ങനെയാണെങ്കിൽ കേട്ടുകൊള്ളുക. അല്ലാഹുവാണ! ഹദ്റത്ത് അലി, ഉന്നതമായ ആത്മവിശ്വാസമുള്ളവനും ദൃഢഗാത്രനുമായിരുന്നു. ശരിയായ (തീർപ്പിന്റെ) കാര്യങ്ങൾ പറയുമായിരുന്നു. നീതിപൂർവം തീർപ്പു കല്പിക്കുമായിരുന്നു. അദ്ദേഹം വിജ്ഞാനത്തിന്റേയും ദൈവീക ജ്ഞാനത്തിന്റേയും ഒഴുകുന്ന അരുവിയായിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തിൽ ഉടനീളം യുക്തി തുളുമ്പുമായിരുന്നു. അദ്ദേഹം ഭൗതികതയെയും അതിന്റെ സൗന്ദര്യത്തേയും വെറുത്തിരുന്നു. രാത്രിയേയും അതിന്റെ ഏകാന്തതയേയും ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹം ഏറെ കരയുന്നവനും വളരെ ചിന്താമഗ്നനും ആയിരുന്നു. അദ്ദേഹം ലളിതമായ വസ്ത്രങ്ങളും ഭക്ഷണവുമാണ് ഇഷ്ടപ്പെട്ടിരുന്നത്. ഞങ്ങൾക്കിടയിൽ ഞങ്ങളെ പോലെ, അതായത് സാധാരണക്കാരനെ പോലെ കഴിഞ്ഞിരുന്നു. ഞങ്ങൾ ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ അദ്ദേഹം മറുപടി നല്കുമായിരുന്നു. ഏതെങ്കിലും സംഭവത്തെ പറ്റി ചോദിച്ചാൽ അതേ പറ്റി പറഞ്ഞു തന്നിരുന്നു. അല്ലാഹുവാണ! ഞങ്ങൾക്ക് അദ്ദേഹത്തോടും അദ്ദേഹത്തിന് ഞങ്ങളോടും സ്നേഹവും സാമീപ്യവും ആയിരുന്നുവെങ്കിലും ഞങ്ങൾ അദ്ദേഹത്തോടുള്ള ആദരയുക്തമായ ഭയം കാരണം വളരെ കുറച്ചുമാത്രമേ സംസാരിച്ചിരുന്നുള്ളൂ. അദ്ദേഹം ദീനീ ബോധമുള്ളവരെ ബഹുമാനിക്കുകയും സാധുക്കൾക്ക് തന്റെ സാമീപ്യം നല്കുകയും ചെയ്തിരുന്നു. ശക്തിയുള്ള ഒരാൾക്ക് പോലും തന്റെ തെറ്റായ കാര്യം അദ്ദേഹത്തെക്കൊണ്ട് അംഗീകരിപ്പിക്കാമെന്ന് വ്യാമോഹിക്കാൻ കഴിഞ്ഞിരുന്നില്ല. ദുർബലനായ ഒരാളും തന്നെ അദ്ദേഹത്തിന്റെ നീതിന്യായത്തെ പ്പറ്റി നിരാശനുമായിരുന്നില്ല. അല്ലാഹുവാണ! ചില സന്ദർഭങ്ങളിൽ രാത്രി ആകുമ്പോൾ നക്ഷത്രങ്ങൾ മങ്ങുമ്പോൾ അദ്ദേഹം താടി പിടിച്ച്, പാമ്പ് കടിയേറ്റവനെപ്പോലെ പിടഞ്ഞു കൊണ്ട്, വളരെ ദുഃഖിതനായ വ്യക്തിയെ പോലെ കരഞ്ഞുകൊണ്ടു ഇങ്ങനെ പറയുന്നത് ഞാൻ കണ്ടിട്ടുണ്ട്: ഭൗതിക ലോകമേ! എന്നെ അല്ലാതെ മറ്റാരെയെങ്കിലും വഞ്ചിക്കാൻ നോക്കു! നിനക്ക് എന്നെ ഭ്രമിപ്പിക്കാൻ കഴിയുമോ? എനിക്ക് നീ അലങ്കൃതമായി കാണുന്നു. എന്നാൽ നീ ആഗ്രഹിക്കുന്നതൊന്നും ഒരിക്കലും സാധ്യമല്ല. ഒരിക്കലും സാധ്യമല്ല. ഞാൻ നിനക്ക് മൂന്ന് ത്വലാഖും തന്നു കഴിഞ്ഞിരിക്കുന്നു. അതിനുശേഷം വീണ്ടും പുനരാഗമനം സാധ്യമല്ല. കാരണം നിന്റെ ആയുസ്സ് കുറവാകുന്നു. നീ അസ്ഥിരമാകുന്നു. ഇത് ആലങ്കാരിക ഭാഷയിൽ ഭൗതിക ലോകത്തെ സംബോധന ചെയ്യുകയാണ്. നിന്റെ ആയുസ്സ് കുറവാണ്. നീ അസ്ഥിരമാകുന്നു. പാഥേയം കുറവും യാത്ര നീണ്ടതും വഴി അപകടകരവുമാകുന്നു. അദ്ദേഹത്തിന്റെ ഗുണനാമങ്ങളെ പറ്റി ഇതെല്ലാം പറഞ്ഞു കേട്ട

പ്പോൾ അമീർ മുആവിയ കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: അല്ലാഹു അബുൽഹസനോട് കരുണ കാണിക്കുമാറാകട്ടെ. അല്ലാഹുവാണ! ഇങ്ങനെയൊക്കെ തന്നെയായിരുന്നു. ളിറാർ! അലിയുടെ മരണത്തിൽ നിനക്ക് എത്ര മാത്രം ദുഃഖമുണ്ടായി? ളിറാർ പറഞ്ഞു: മടിത്തട്ടിലായിരിക്കുന്ന കുട്ടിയെ അറുക്കുമ്പോൾ ആ സ്ത്രീക്ക് ഉണ്ടാകുന്ന അവസ്ഥ പോലെ ഉണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് അലിയുടെ മാഹാത്മ്യം വിവരിച്ചുകൊണ്ട് പറയുന്നു: നിസ്സംശയം ഹദ്റത്ത് അലി(റ) സത്യാന്വേഷികളുടെ പ്രതീക്ഷാകേന്ദ്രവും അനുപമമാതൃകയും ദൈവദാസന്മാർക്ക് ദൈവിക ന്യായപൂർത്തിയുമായിരുന്നു. മാത്രമല്ല അദ്ദേഹം തന്റെ കാലഘട്ടത്തിലെ ജനങ്ങളിൽ ഏറ്റവും നല്ല മനുഷ്യനും നാടുകളെ പ്രശോഭിതമാക്കാൻ അല്ലാഹുവിൽ നിന്നുള്ള പ്രകാശവുമായിരുന്നു.

ആ മഹാത്മാവ്(റ) ദൈവഭക്തിയുള്ളയാളും ശുദ്ധമനസ്കനും ദൈവത്തിന്റെ സവിധത്തിൽ ഏറ്റവുമധികം പ്രിയപ്പെട്ട ആളുകളിൽ ഉൾപ്പെട്ട വ്യക്തിയുമായിരുന്നു. അദ്ദേഹം സമുദായത്തിൽ സ്വീകാര്യനും കാലഘട്ടത്തിലെ നേതാക്കന്മാരിൽപ്പെട്ട ആളുമായിരുന്നു. അദ്ദേഹം പ്രതാപവാനായ ദൈവത്തിന്റെ സിംഹവും കരുണാമയനായ ദൈവത്തിന്റെ സ്ഥൈര്യവാനായ ഔദാര്യവാനും പരിശുദ്ധ ഹൃദയനുമായിരുന്നു. എതിരിൽ ശത്രുക്കളുടെ ഒരു സൈന്യം തന്നെ ഉണ്ടെങ്കിലും യുദ്ധരംഗത്ത് തന്റെ സ്ഥലത്തുനിന്നും ഒഴിഞ്ഞുപോകാതെ നിൽക്കുന്ന വ്യതിരിക്തമായ യോദ്ധാവായിരുന്നു. അദ്ദേഹം ജീവിതകാലം മുഴുവൻ പ്രയാസത്തോടെയാണ് കഴിച്ചുകൂട്ടിയത്. മനുഷ്യകുലത്തിൽ, ദൈവഭയത്തിന്റെ ഏറ്റവും ഉന്നതമായ സ്ഥാനത്ത് എത്തി. അദ്ദേഹം സമ്പത്തും മുതലും നല്കുകയും ജനങ്ങളുടെ ദുഃഖവും സങ്കടവും അകറ്റാനും അനാഥരുടേയും അഗതികളുടേയും അയൽക്കാരുടേയും ക്ഷേമാന്വേഷണങ്ങൾ നടത്താനും ഏറ്റവും പ്രഥമസ്ഥാനത്തുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹം നിസ്സഹായരുടെ വേദനയകറ്റാൻ പ്രേരിപ്പിക്കുകയും ഉള്ളതിൽ തൃപ്തി കാണിക്കുന്നവർക്കും മോശമായ അവസ്ഥയുള്ളവർക്കും ഭക്ഷണം നൽകാൻ കല്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ സാമിപ്യമുള്ളവരിൽപ്പെട്ട ആളുമായിരുന്നു. അതോടൊപ്പം ഖുർആൻ മജീദിന്റെ ദിവ്യജ്ഞാനാമൃതം നുകർന്ന പ്രഥമന്മാരിൽ പെട്ട ആളുമായിരുന്നു. വിശുദ്ധ ഖുർആന്റെ ദിവ്യജ്ഞാനം അദ്ദേഹത്തിന് കരഗതമായിരുന്നു. അദ്ദേഹത്തിന് ഖുർആനിക സൂക്ഷ്മജ്ഞാനങ്ങളുടെ അത്ഭുതാവഹമായ ഗ്രാഹ്യത നൽകപ്പെട്ടിരുന്നു.

ഞാൻ ജാഗ്രതാവസ്ഥയിൽ അദ്ദേഹത്തെ കണ്ടിരിക്കുന്നു. ഉണർന്നിരുന്ന് അവസ്ഥയിൽ ജാഗ്രത ദർശനത്തിൽ ഉറക്കത്തിലല്ല. എനിക്ക് ഹദ്റത്ത് അലിയുമായും ഹദ്റത്ത് ഹുസൈനുമായും വളരെ സൂക്ഷ്മമായ ഒരു ബന്ധമുണ്ട്. അത് കിഴക്കിന്റേയും പടിഞ്ഞാറിന്റേയും നാഥനല്ലാതെ മറ്റാർക്കും അറിയുകയില്ല. ഞാൻ ഹദ്റത്ത് അലിയേയും അദ്ദേഹത്തിന്റെ രണ്ടു മക്കളേയും സ്നേഹിക്കുന്നു. അവരോട് ശത്രുതയുള്ളവരോട് ഞാൻ ശത്രുതയിലാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇവിടെ ഹദ്റത്ത് അലി (റ)ന്റെ അനുസ്മരണം അവസാനിക്കുന്നു. ഇൻശാ അല്ലാഹ് ഇനി തുടർന്നുള്ളവ ആരംഭിക്കുന്നതാണ്.

ഖുത്ബയുടെ അന്ത്യത്തിൽ ഹുസൂർ തിരുമനസ്സ് പറയുന്നു: ഇൻശാ അല്ലാഹ് നമസ്കാരങ്ങൾക്ക് ശേഷം ഞാൻ ഒരു പുതിയ ടിവി ചാനൽ ലോഞ്ച് ചെയ്യുന്നതാണ്. അത് എം.ടി.എ ഘാന എന്ന പേരിൽ 24 മണിക്കൂർ സംപ്രേഷണം ചെയ്യുന്നതാണ്. ഇത് ഘാനയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ 24മണിക്കൂർ സംപ്രേഷണം ചെയ്യുന്ന നാഷണൽ ടിവി ചാനലായിരിക്കും. എം.ടി.എ ഘാന സാറ്റലൈറ്റ് ഡിഷ് ഇല്ലാതെതന്നെ സാദാ ഏരിയൽ മുഖേന തന്നെ കാണാൻ കഴിയുന്നതാണ്. ഇൻശാ അല്ലാഹ് ജുമുഅ നമസ്കാരത്തിനുശേഷം ഇത് ഉദ്ഘാടനം ചെയ്യുന്നതാണ്.

ഹുസൂർ പാകിസ്ഥാൻ, അൽജീരിയ എന്നിവിടങ്ങളിലെ അഹ്മദി തടവുകാർക്ക് വേണ്ടി ദുആ ചെയ്യണമെന്ന് ഓർമപ്പെടുത്തി കൊണ്ട് പറഞ്ഞു: പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവരുടെ മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ. പാകിസ്ഥാനിലെ പൊതുവായ അവസ്ഥയ്ക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവിടെ അഹ്മദികൾക്ക് സമാധാനപൂർവ്വം ജീവിക്കാനുള്ള സാഹചര്യമൊരുക്കുമാറാകട്ടെ. അഹ്മദിയത്തിന്റെ എതിരാളികൾക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. അല്ലെങ്കിൽ അല്ലാഹു എന്താണ് അവരോട് പ്രവർത്തിക്കാൻ ഉള്ളത് അത് ചെയ്യുമാറാകട്ടെ. നമുക്ക് എത്രയും വേഗം അവരിൽ നിന്നും മോചനം ലഭിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 15.01.2021
Malayalam Translation: **MOulavi M.Nasar Ahmad,Kodiyathur & Moulavi H.Shamsuddin, Kavassery**
For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516